കോഴിക്കോട് ജില്ലയിലെ ഓൺലൈൻ മണൽ വിതരണം

209 (1266) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒൺലൈൻ ആയി മണൽ വിതരണം ചെയ്തിരുന്നത് നിർത്തിവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) മണൽ വിതരണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മണൽ ലഭ്യമല്ലാത്തതു കാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2014 ജൂൺ 15 മുതൽ മണൽ ഖനനം നിർത്തിവച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട ഗ്രീൻ ട്രൈബ്യൂണലിന്റെ ഒ.എ.171/2013 കേസിലെ 5-8-2013, 14-8-2013, 29-8-2013 തീയതികളിലെ ഉത്തരവിൽ MoEF/SEIAA-യിൽ നിന്നുള്ള പാരിസ്ഥിതികാനുമതി കൂടാതെയുള്ള മണൽ ഖനനം വിലക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ SEIAA-യിൽ അപേക്ഷ സമർപ്പിക്കുകയും രണ്ട് മാസത്തേക്ക് താൽക്കാലികാനുമതി ലഭിക്കുകയും ആയത് അവസാനിച്ചതിനാലുമാണ് മണൽ ഖനനം നിർത്തിവയ്ക്കാനിടയായത്.

(സി) വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15-11-2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം മണൽ ഖനനത്തിനുള്ള അനുമതിയിൽ ഇളവ് വരുത്തുകയും ഇതേത്തുടർന്ന് 2014 നവംബർ 24 മുതൽ 3 മാസത്തേക്ക് മണൽ ഖനനത്തിന് താൽക്കാലിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15-11-2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി മണൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ള 20 നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് നിയമാനുസൃത അനുവാദം നൽകുന്നതിന് അപേക്ഷ സമർപ്പിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും മണൽ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും 3 മാസക്കാലയളവിനുള്ളിൽ മണൽ

LIBRARY ARCHIVES Kerala Legislative Assembly

ഓഡിറ്റിംഗ് പൂർത്തിയാക്കുമെന്ന വ്യവസ്ഥയോടെ 3 മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലികാനുമതി നൽകുകയും വീട് നിർമ്മാണത്തിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടു വരുന്നത് സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 28-10-2014-ന് ചേർന്ന റിവർ മാനേജ്മെന്റ് സംസ്ഥാന ഉന്നതതല സമിതിയിൽ മണൽ ഓഡിറ്റ് പൂർത്തിയാവുകയും നടപടി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിനും ഇ-സാന്റ് പദ്ധതിയിലൂടെ മണൽ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്തിനിടെ കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വില നിരക്കിൽ നിർമ്മിതി കേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുമുണ്ട്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണം

210 (1267) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാനായി വടക്കഞ്ചേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് 45-ൽ റീ-സർവ്വേ 28/1, 28/2-ൽപ്പെട്ട 185.25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് നല്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി പട്ടികജാതി വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(സി) ഈ ഭൂമി ആവശ്യപ്പെട്ട് കമ്മ്യൂണിറ്റി കോളേജ് പി.ടി.എ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് WP(c) 20732/13 പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഭൂമി കൈമാറ്റ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly